# ILLICKAL
# ST. MARY'S CHURCH



ഇല്ലിക്കൽ പ്രദേശത്തുള്ള കുട്ടികളുടെ സൺഡേസ്കൂൾ പഠനത്തിന് സമീപത്തുള്ള പള്ളികളിൽ പോകുന്നതിനു ഭൂമിശാസ്ത്രപരമായി ബുദ്ധിമുട്ടുണ്ടായിരുന്നു. ഇതിനു പരിഹാരമായി 1944 ജനുവരി മാസം 2 ന് ഇല്ലിക്കൽ പതിനാലിൽപറയിൽ ശ്രീ. പി.വി. വർക്കിയുടെ മാളികയിൽ ഏതാണ്ട് 100 കുട്ടികളോടുകൂടി സെന്റ് സ്റ്റീഫൻസ് സൺഡേസ്കൂൾ ആരംഭിച്ചു. ഇതിന്റെ ആശീർവാദം പാണംപടി പള്ളി വികാരിയായിരുന്ന ദിവ്യശ്രീ. നേര്യന്തറ മത്തായി കത്തനാർ നിർവ്വഹിച്ചു.

കാലക്രമത്തിൽ മാളികയിൽ സൺഡേസ്കൂൾ പ്രവർത്തനം സാദ്ധ്യമാകാതെ വന്നപ്പോൾ കമ്പക്കാലുങ്കൽ ശ്രീ. കുര്യന്റെ ഷെഡിലും മുണ്ടുചിറയ്ക്കൽ ശ്രീ. എം. എ. മാണിയുടെ കെട്ടിടത്തിലും മാറിമാറി പ്രവർത്തിച്ചു. പിന്നീട് പാണംപടി പള്ളി കിളിരൂർ യൂണിറ്റ് പ്രാർത്ഥനായോഗത്തിന്റെ ഉൽസാഹത്തിൽ മുണ്ടുചിറയ്ക്കൽ പുരയിടത്തിൽ കെട്ടിടം നിർമ്മിച്ച് അതിൽ നടത്തി. സൺഡേസ്കൂളിന്റെ ഈ ദുർഗതി മനസ്സിലാക്കി പാണംപടി പള്ളി വികാരിയായിരുന്ന മാലിയിൽ ദിവ്യശ്രീ. കുര്യാക്കോസ് കത്തനാരും കൊണ്ടേക്കേരിൽ കുര്യൻ ചാക്കോയും കൂടി കുട്ടച്ചാറ (മറ്റീത്ര കൂർക്കക്കാലായിൽ) കുഞ്ഞാണ്ടി ഇട്ടി (ഇട്ടിക്കുഞ്ഞ് ചേട്ടൻ) യെ സമീപിച്ചു. അദ്ദേഹം സൺഡേസ്കൂളിന് സ്ഥിരമായ കെട്ടിടം പണിയുന്നതിനാവശ്യമായ 12 സെന്റ് സ്ഥലം സസന്തോഷം നൽകി. ഈ സ്ഥലത്ത് കിഴക്കുപടിഞ്ഞാറായി ഒരു കെട്ടിടം പണിതു. ഇങ്ങനെ സൺഡേസ്കൂളിനായി നിർമ്മിച്ച കെട്ടിടം മാലിയിൽ അച്ചന്റെ ആഗ്രഹപ്രകാരം ചാപ്പലിന്റെ രൂപത്തിൽ പൂർത്തിയായി. 1954 ജനുവരി മാസം 1–ാം തീയതി കോട്ടയം, കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന നി.വ.ദി.ശ്രീ. പൗലൂസ് മാർ പീലക്സിനോസ് (ശ്രേഷ്ഠ കാതോലിക്കാ ബാവാ) മെത്രാപ്പോലീത്ത സെന്റ് മേരീസ് ചാപ്പൽ എന്ന പേരിൽ കൂദാശ ചെയ്തു.

1977 ൽ ബഹുമാനപ്പെട്ട നേര്യന്തറ എൻ.എം. ഏബ്രഹാം അച്ചന്റെ നേതൃത്വത്തിൽ പള്ളിയുടെ മുഖവാരം ഇപ്പോൾ കാണുന്ന രൂപത്തിൽ പുതുക്കി പണിതു. ഇല്ലിക്കലും സമീപത്തുമുള്ള നാനാജാതി മതസ്ഥരുടെയും സഹായ സഹകരണത്തിന്റെയും സ്നേഹത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും അതിശയിപ്പിക്കുന്ന ഉദാഹരണമാണ് ഈ ദേവാലയം. ചാപ്പലിന്റെ തെക്കുവശത്ത് മുണ്ടുചിറയ്ക്കൽ ശ്രീ. എം.എ. കുര്യൻ സൗജന്യമായി നൽകിയ 4 സെന്റ് സ്ഥലത്താണ് പള്ളിമുറി പണിതിരിക്കുന്നത്. ഈ കെട്ടിടം 1965–ൽ മൈലക്കൽ ദിവ്യശ്രീ മർക്കോസ് കശീശയുടെ ശ്രമഫലമായി നിർമ്മിച്ചു. ചാപ്പലിന്റെ നിർമ്മാണത്തിൽ

മാർഗ്ഗദീപമായിരുന്ന മാലിയിൽ ദിവ്യശ്രീ. കുര്യാക്കോസ് അച്ചന്റെ സ്മരണയ്ക്കായി ഈ കെട്ടിടം സമർപ്പിച്ചിരിക്കുന്നു.

1987 ൽ വികാരിയായിരുന്ന മല്ലുകാട്ട് ദിവ്യശ്രീ മർക്കോസ് കശ്ശീശയുടെ ഉൽസാഹത്തിൽ പള്ളിയുടെ പടിഞ്ഞാറുവശത്ത് പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നാമത്തിൽ ഒരു കുരിശിൻതൊട്ടി നിർമ്മിക്കുകയും 3–1–1988 ൽ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി ഇതിന്റെ കൂദാശ നടത്തുകയും ചെയ്തു. 6–11–1988 ൽ അഭിവന്ദ്യ പെരുമ്പള്ളി തിരുമേനി ഇവിടെ പരുമല ബാവായുടെ തിരുശേഷിപ്പ് സ്ഥാപിച്ചു. സൺഡേസ്കൂൾ, മർത്തമറിയം സമാജം, യൂത്ത് അസോസിയേഷൻ മുതലായ ഭക്തസംഘടനകളും ഇവിടെ പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ വികാരിയായി റവ. ഫാ. മാത്യൂസ് ആനത്താനത്തും സഹവികാരിയായി റവ. ഫാ. മാത്യൂസ് തുരുത്തേലും സേവനമനുഷ്ഠിക്കുന്നു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org